# ഹാശാ ബുധൻ

## ബുധനാഴ്ച ആറാംമണി

**കൗമാ**

(ബ്ഹൗനഹറോഗായൊ..... എന്ന രീതി)

നിന്നെ വധിപ്പാ-നായ് വന്നജനം, വിധിയിൽ-വിധിയേല്ക്കും
നിന്നെയുംപീ-ഡകളെയുമേറ്റ-ജാതിപൂകും രാജ്യം
നിന്നെ വധിപ്പാ-നായ് വന്നജനം, വിധിയിൽ-വിധിയേല്ക്കും
നിന്നെയുംപീ-ഡകളെയുമേറ്റ-ജാതിപൂകും രാജ്യം
നിന്നെ വധിപ്പാ-നായ് വന്നജനം, വിധിയിൽ-വിധിയേല്ക്കും
നിന്നെയുംപീ-ഡകളെയുമേറ്റ-ജാതിപൂകും രാജ്യം

**ഗദ്യം**

കർത്താവേ! നിന്നെ കൊല്ലുന്നതിന് ഒരുമിച്ചുകൂടിയ ജനം നിന്റെ ന്യായവിസ്താരത്തിൽ കുറ്റം ചുമത്തപ്പെടുകയും, നിന്നെയും നിന്റെ കഷ്ടാനുഭവത്തേയും ഏറ്റു പറഞ്ഞ പുറജാതികൾ നിന്റെ രാജ്യത്തിൽ പ്രവേശിക്കുകയും ചെയ്യും. **(മൂന്നു പ്രാവശ്യം)**

**(ലൊക്മോർ തെശുദ്ബുഹത്തോ)**

നാഥാ! തേ, സ്തുതിയും, മാനം താതനും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിനും
ഉണ്ടാകുൾകൃപ പാപികളാം ഞങ്ങളിലും
മേലാമൂറിശിലേം വാതിൽക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മ്ശിഹാ!
സ്തോത്രം കർത്താവേ! സ്തോത്രം കർത്താവേ!
നിത്യം ശരണവുമേ! സ്തോത്രം-ബാറെക്മോർ.

Praise to Thee, O Lord, To Thy Father Praise,
Worship, glory be To the Holy Ghost.
Grace and mercy be on us sinners all,

Opened be to us Zion's gates above
May our pleas be heard at the throne of Christ.
Praise to Thee, O Lord, Praise to Thee, O Lord,
Ever praise to Thee, Our hope. Barekhmor.

(സുറിയാനി)

ലോക്മോർ തെശുദ്ദുഹത്തോ ലാ ബോക് എക്റോ
വൽറൂഹോദ് കുദ്ശോ സെഗതോ റൂമാ റോമോ
വലൈൻ ഹാതോയാ റഹ്മാ വഹ്നൂനോ
നസ്പാസ് ആഹൂൻതാരാ അയ് ഒറിശലേം ദഹലാ അൽ
നെൽഓൻ സ്ലാവോസോൻ ക്ദാംബിം ദം ശീഹോ
ശുബഹോ ലോക് മോറാൻ ശുബഹോ ലോക് മോറാൻ
ശുബഹോ ലോക് സബറാൻ ലാ ഒലാം, ബാറെക്മോർ.

**ഗദ്യം**

എന്റെ കർത്താവേ! തനിക്കു സ്തുതി തന്റെ പിതാവിനു ബഹുമാനവും ശുദ്ധമുള്ള തന്റെ റൂഹായ്ക്കു വന്ദനവും പുകഴ്ചയും പാപികളുമായ ഞങ്ങളുടെമേൽ കരുണയും മനോഗുണവും ഉണ്ടായിരിക്കണമെ. മേലുള്ള ഊർശ്ലേമിന്റെ വാതിലുകൾ തുറക്കപ്പെട്ട്, മ്ശിഹാ തന്റെ സിംഹാസനത്തിൻ മുമ്പാകെ ഞങ്ങളുടെ നമസ്ക്കാരങ്ങൾ പ്രവേശിക്കുമാറാകണമെ. ഞങ്ങളുടെ കർത്താവേ സ്തുതി, ഞങ്ങളുടെ കർത്താവേ സ്തുതി, എന്നേക്കും ഞങ്ങൾക്കുള്ള ശരണവുമേ സ്തുതി, ബാറെക്മോർ

സ്വർഗ്ഗസ്ഥനായഞങ്ങളുടെ പിതാവേ! തിരുനാമം പരിശുദ്ധമാക്കപ്പെടേണമെ. തിരു രാജ്യം വരേണമെ. തിരുവിഷ്ടം സ്വർഗ്ഗത്തിലെ പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്കാവശ്യമുള്ള ആഹാരം ഇന്നും ഞങ്ങൾക്കു തരേണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും ദോഷങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതേ. പിന്നെയോ ദോഷത്തിൽനിന്നും ഞങ്ങളെ രക്ഷിച്ചു കൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും സ്തുതിയും മഹത്വവും എന്നുമെന്നേക്കും തനിക്കുള്ളതാകുന്നു. ആമ്മീൻ.

Our Father, who art in heaven, Hallowed be Thy name, Thy kingdom come, Thy will be done on earth, as it is in heaven. Give us this day our daily bread and forgive us our debts and sins, as we have forgiven our debtors. Lead us not into temptation; but deliver us from the evil one. For Thine is the kingdom, the power and the glory, for ever and ever. Amen (+)

**(51-ാം മസുമൂർ)**

ദൈവമേ! തവ കൃപയിൻപ്രകാരം എന്നോടു കരുണചെയ്യണമേ. തിരു കരുണയുടെ ബഹുത്വത്തിൻ പ്രകാരം എന്റെ പാപങ്ങളെ മായിച്ചു കളയണമേ.

എന്റെ അന്യായത്തിൽ നിന്ന് എന്നെ നന്നായി കഴുകി എന്റെ പാ പങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമേ. എന്തെന്നാൽ

എന്റെ അതിക്രമങ്ങളെ ഞാൻ അറിയുന്നു. എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരേ ഇരിക്കുന്നു.

കർത്താവിനു വിരോധമായിത്തന്നെ ഞാൻ പാപം ചെയ്തു. തിരുമുമ്പിൽ തിന്മകളെ ഞാൻ ചെയ്തു. അതു തിരുവചനത്തിൽ കർത്താവു നീതീകരിക്കപ്പെടുകയും തിരുന്യായവിധികളിൽകർത്താവു ജയിക്കുകയും ചെയ്‌വാനായിട്ടു തന്നെ. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കുക യും ചെയ്തു.

എന്നാൽ നീതിയിൽ താൻ ഇഷ്ടപ്പെട്ടു. തന്റെ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ തന്നെ താൻ അറിയിച്ചു. സോപ്പാകൊണ്ട് എന്റെ മേൽ താൻ തളിക്കണമേ. ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ താൻവെണ്മയാക്കണമേ. ഹിമത്തേക്കാൾ ഞാൻ വെണ്മയാകും.

തന്റെ ആനന്ദവും സന്തോഷവും കൊണ്ട് എന്നെ തൃപ്തിയാക്കണമേ. ക്ഷീണതയുള്ള എന്റെ അസ്ഥികൾ സ ന്തോഷിക്കും.

എന്റെ പാപങ്ങളിൽ നിന്ന് തിരുമുഖം തിരിച്ച് എന്റെ അതിക്രമങ്ങളെ ഒക്കെയും മായിച്ചു കളയണമേ.

ദൈവമേ! വെടിപ്പുള്ള ഹൃദയത്തെ എന്നിൽ സൃഷ്ടിക്കണമേ. സ്ഥിരതയുള്ള തിരുആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണമേ. തന്റെ തിരുമുമ്പിൽ നിന്ന് എന്നെ തള്ളിക്കളയരുതേ. തന്റെ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കയും അരുതേ. എന്നാലോ തിരു ആനന്ദവും രക്ഷയും എനിക്ക് തിരിച്ചു തരേണമേ. മഹത്ത്വമുള്ള തന്നാത്മാവ് എന്നെ താങ്ങുമാറാകണമേ. അപ്പോൾ ഞാൻ അതിക്രമക്കാരെ തിരുവഴി പഠിപ്പിക്കും. പാപികൾ തങ്കലേക്കു തിരിയുകയും ചെയ്യും.

എന്റെ രക്ഷയായ ദൈവമായ ദൈവമേ! രക്തത്തിൽ നിന്ന് എന്നെ രക്ഷിക്കണമേ. എന്റെ നാവ് തിരു നീതിയെ സ്തുതിക്കും. കർത്താവേ! എന്റെ അധരങ്ങൾ എനിക്കു തുറക്കണമേ. എന്റെ വായ് തന്റെ സ്തുതികളെ പാടും.

എന്തെന്നാൽ ബലികളിൽ താൻ ഇഷ്ടപ്പെട്ടില്ല. ഹോമബലികളിൽ താൻ നിരപ്പായതുമില്ല. ദൈവത്തിന്റെ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു.ദൈവംനുറുങ്ങിയഹൃദയത്തെനിരസിക്കുന്നില്ല.

തന്റെ ഇഷ്ടത്താൽ സെഹിയോനോട് നന്മ ചെയ്യണമേ. ഊർശ്ലേമിന്റെ മതിലുകളെ പണിയണമേ. അപ്പോൾ നീതിയോടുകൂടിയ ബലികളിലും ഹോമബലികളിലും താൻ ഇഷ്ടപ്പെടും. അപ്പോൾ തന്റെ ബലിപീഠത്തിന്മേൽ കാളകൾ ബലിയായി കരേറും. ദൈവമേ! സ്തുതി തനിക്ക് യോഗ്യമാകുന്നു. ബാറെക്മോർ.

Have mercy on me, God, in thy loving kindness; in the abundance of thy mercy blot out my sin. Wash me throughly from my guilt and cleanse me from my sin. For I acknowledge my fault and my sins are before me always.

Against Thee only have I sinned and done evil in thy sight, that Thou mayst be justified in Thy words and vindicated in Thy judgement.

For I was born in guilt and in sin did my mother conveive me.

But Thou takest pleasure in truth and Thou hast made known to me the secrets of Thy wisdom. Sprinkle me with Thy hyssop and I shall be clean; wash me and I shall be whiter than snow.

Give me the comfort of Thy joy and gladness, and the bones which have been humbled shall rejoice. Turn away Thy face from my sins and blot out al my faults.

Create in me a clean heart, O God, and renew Thy steadfast spirit within me.Cast not me from Thy presence and take not Thy Holy Spirit from me.

But restore to me Thy joy and Thy salvation, and let Thy glorious spirit sustain me; that I may teach the wicked Thy way and sinners may return to Thee.

Deliver me from blood, O God, God of my salvation, and my tongue shall praise Thy justice. Lord, open my lips, and my mouth shall sing Thy praise.

For Thou dost not take pleasure in sacrifices; by burnt offerings Thou art not appeased. The sacrifice of God is a humble spirit, a heart that is contrite God will not despise

Do good in Thy good pleasure to Zion and built up the walls of Jerusalem.

Then shalt Thou be satisfied with sacrifices of truth and with whole burnt offerings; then shall they offer bullocks upon Thine altar.

And to Thee belongs the praise, O God. Barekmor.

## എനിയോനോ

(യൊർസെദ്കർമോ.......... എന്ന രീതി)
(പ്രതിവാദത്താൽ യൂദന്മാർ ....... എന്ന പോലെ)

1. തൻബലിമൂലം പൂർവികമാം പെസഹായുടെ ദൃഷ്ടാന്തത്തെ
പാടേ മായിച്ചോൻ-ധന്യൻ

2. മനസാ ബലിയാകാൻ വന്നി ട്ടാദാമയരെ രക്ഷിച്ചോനേ!
ബലി കൈക്കൊൾവോനേ-സ്തോത്രം

3. ബലികളെ നാഥാ നീ നീക്കി ദൃഷ്ടാന്തങ്ങളെ നിറവേറ്റി
പാപം പോക്കും യാ-ഗം നീ

4. അർപ്പകനും സ്വീകാരകനും മോചനവും മോചകനും നീ
ഞങ്ങൾക്കായ് നീ ബലി-യായ്

5. നാഥാ നീയഭയസ്ഥാനം ഞങ്ങളെയേറ്റുക താതങ്കൽ
താതൻ നിന്നാൽ തെളി-യട്ടെ
ബാറെക്മോർ-ശുബഹോ-മെനഓലം

6. അക്ഷയ കരുണാ സാഗരമേ
സ്തോത്രം തേ നിൻ സോപ്പായാൽ
നീക്കുക ഞങ്ങടെ മാ-ലിന്യം
സ്തൗമെൻകാലോസ് കുറിയേലായിസോൻ

## പ്രുമിയോൻ

പുരോഹിതൻ: നാം എല്ലാവരും പ്രാൎത്ഥിച്ച് കൎത്താവിനോടു കരുണയും ദയവും യാചിക്കണം.

പ്രതിവാക്യം: കാരുണ്യവാനായ കൎത്താവേ! ഞങ്ങളിൽ കരുണ തോന്നി ഞങ്ങളെ സഹായിക്കണമെ.

പുരോഹിതൻ: സ്തുതിയും സ്തോത്രവും പ്രഭയും പുകഴ്ചയും അനശ്വരമായ നല്ല ഉന്നതിയും നിത്യവും ഇടവിടാതെ അൎപ്പിക്കുവാൻ ഞങ്ങൾ യോഗ്യരായിത്തീരണമെ.

ഞങ്ങളെ രക്ഷിപ്പാൻ വേണ്ടി തന്നെത്തന്നെ ബലിയൎപ്പിക്കുകയും, വിസ്മയനീയമായ തന്റെ താഴ്മയുടെ കഷ്ടാനുഭവങ്ങളാൽ ഞങ്ങളുടെ പീഡകളെ മായിച്ചുകളയുകയും, ഞങ്ങളുടെ പാപങ്ങളെ ഉന്മൂലനം ചെയ്യുകയും, കല്പനാ ലംഘനം മൂലമുള്ള മരത്തിന്റെ ശിക്ഷയെ കുരിശിന്റെ ശക്തിയാൽ സുഖപ്പെടുത്തുകയും ചെയ്ത പരിശുദ്ധ പ്രധാന പുരോഹിതനായിരിക്കുന്ന തനിക്കു സ്തുതി. തനിക്ക് ദൈവീകമായ ഈ സ്തോത്രബലി അൎപ്പിക്കപ്പെടുന്ന ഈ സമയത്തും സകല പെരുന്നാളുകളിലും നേരങ്ങളിലും സമയങ്ങളിലും ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും സ്തുതിയും ബഹുമാനവും ആരാധനയും യോഗ്യമാകുന്നു.

## സെദറാ

**എ**ന്റെ കൎത്താവെ, മഹോന്നതന്റെ മധുരഫലമായ തിരുസഭ കൎത്താവിനെ വന്ദിക്കുന്നു. ദിവ്യത്വത്തിന്റെ സന്തതിയാകുന്ന തവ ഇടവക പരിശുദ്ധങ്ങളായ തിരു കൎത്തൃ കഷ്ടാനുഭവങ്ങളെ പുകഴ്ത്തുന്നു. ലോകയോദ്ധാവായുള്ളോവേ! തിരു സഭ പുണ്യമുണ്ടാക്കുന്നവയായ തവ മുറിവുകളെ വന്ദിക്കുന്നു. കൎത്താവിന്റെ അമിതമായ സ്നേഹത്താൽ ആദാമ്മിന്റെ സന്താനങ്ങൾക്കു വേണ്ടി നികൃഷ്ടമരമാകുന്ന സിംഹാസനത്തിൽ കയറിയിരുന്ന് തിരുമേനിയുടെ ബലിയാൽ ഭൂമിയിലെ അനീതിയെ കൎത്താവു നീതീകരിച്ചു. ഗോഗുൽത്തായുടെ മുകളിൽ വെച്ച് തന്നെത്താൻ ബലികഴിച്ചു ഭൂവാസികളെ സ്വൎഗ്ഗവാസികളോടു സമാധനപ്പെടുത്തിയ തടിച്ച കാളക്കുട്ടിയും, സ്വമനസ്സോടെ ബലി

യാൽ ലോകത്തിന്റെ പാപത്തെ നീക്കിയ വെടിപ്പും ശുദ്ധിയുമുള്ള കുഞ്ഞാടും കുറ്റക്കാരുടെ നിരപ്പിന് ധൂപമായ് തീൎന്ന സൃഷ്ടികളെ തന്റെ പിതാവിനോടു യോജിപ്പിച്ചവനായി സൎവ്വത്തേയും പുണ്യമാക്കുന്നവനും ആയ നാഥാ! തവ കഷ്ടാനുഭവങ്ങളെ ഞങ്ങൾ സ്തോത്രം ചെയ്യുന്നു. ഞങ്ങളുടെ പാപത്തെ മായിച്ചു കളഞ്ഞ തവ കുരിശിനെ ഞങ്ങൾ വന്ദിക്കുന്നു. അവയാൽ ഞങ്ങളുടെ അധൎമ്മങ്ങളും വേദനകളും മാഞ്ഞ് ഇല്ലാതായ്ത്തീൎന്ന തിരു മുറിവുകളെ ഞങ്ങൾ ലാളിക്കുന്നു. വിഴുങ്ങിക്കളയുന്ന പാതാളത്തിന്റെ വായിൽ നിന്നു ഞങ്ങളെ ഉദ്ധരിച്ച തവ പുനരുത്ഥാനത്തെ ഞങ്ങൾ പുഴ്ത്തുന്നു. എന്തെന്നാൽ ദൈവത്തെപ്പോലെ ലോകത്തെ വഹിച്ചിരിക്കുമ്പോൾ കുരിശിൽ തറയ്ക്കുന്ന ആളുകളുടെ പിടിയിൽപ്പെടുകയും, വഴിതെറ്റിപ്പോയ ആടിനെ അതായതു ഞങ്ങളുടെ മനുഷ്യസ്വഭാവത്തെ രക്ഷിപ്പാനായിട്ടു നികൃഷ്ടമായ കുരിശിനെ തവ തോളില വഹിച്ചുകൊണ്ടു കുറ്റമില്ലാത്ത ആട്ടിൻകുട്ടിയെപ്പോലെ കൊലയേല്പാനായിട്ടു താൻ പോകയും ചെയ്തു. കാണതെപോയതിനെ തന്റെ തോളിൽ വെച്ചുകൊണ്ടു തന്റെ പിതാവിന്റെ ഭവനത്തിലേക്കു താൻ പ്രവേശിച്ചു. കൎത്താവെ! ഇപ്പോൾ ഞങ്ങൾ അപെക്ഷിക്കുന്നതെന്തന്നാൽ തിരു സന്നിധിയിൽ ഞങ്ങൾ അണച്ചിരിക്കുന്ന ഈ ധൂപം തിരു തൃക്കൈകൾവഴിയായി തന്നെ അയച്ചവന്റെ അടുക്കൽ കൈക്കൊള്ളപ്പെടുമാറാകണമെ. വിശ്വാസമാകുന്ന കവചം ഞങ്ങൾ ധരിച്ചും രക്ഷയാകുന്ന പടത്തൊപ്പി വച്ചും സത്യസ്നേഹമാകുന്ന ഉടുപ്പിട്ടും ജീവന്റെ ശരണമാകുന്ന അരക്കെട്ടു കെട്ടിയും കൊണ്ട് മുഖപ്രസാദത്തോടു കൎത്താവിന്റെ മഹത്വമുള്ള പുനരുത്ഥാനത്തിൽ അടുത്തു വരുവാനും കൎത്താവിന്റെ കല്യാണശാലയിൽ തോഴന്മാരും അതിഥികളും കൎത്താവിന്റെ രാജ്യത്തിൽ പുതിയ അവകാശികളും ആയിത്തീരുവാനും ഞങ്ങൾ അൎഹന്മാരാകേണമെ. ഞങ്ങളും ഞങ്ങളുടെ സകല മരിച്ചവരും അക്ഷയങ്ങളും മാഞ്ഞുപോകാത്തവയുമായ ഭാഗ്യങ്ങളിൽ ആനന്ദിക്കുമാറാകണമെ. ഞങ്ങളെ രക്ഷിപ്പാൻ വേണ്ടി കഷ്ടമനുഭവിച്ച മ്ശിഹാ തമ്പുരാനെ! തനിക്കും തന്റെ പിതാവിനും പരി ശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുകയും ചെയ്യുമാറാകണമേ.
ഹോശോ..........

## കോലോ

1. എല്ലാ ദർശകരും സൂചിപ്പിച്ചിരുന്ന രഹസ്യങ്ങൾ ഇന്നേ ദിവസം നമ്മുടെ രക്ഷകൻ നിറവേറ്റി. താൻ കഷ്ടതയും നിന്ദ യും പരിഹാസവും ചെകിട്ടത്തടിയും ഏറ്റു. തന്റെ ന്യായത്തീ ർപ്പിൽ ഞങ്ങളുടെ ന്യായത്തീർപ്പിനെ അഴിച്ചു കളഞ്ഞ തനിക്ക് അ വർ മരണശിക്ഷ വിധിച്ചു.

ബാറെക്മോർ-ശുബഹോ-മെനഓലം

2. കർത്താവേ, കർത്താവിന്റെ താഴാഴ്മയ്ക്കു സ്തുതി. ആകൽക്ക റുസായിൽ നിന്നു ഞങ്ങളെ സ്വാതന്ത്ര്യപ്പെടുത്തുകയും കല്പന ലംഘനത്താൽ അദപതിച്ചുപോയ ഞങ്ങളുടെ മരണമുള്ള വർഗ്ഗ ത്തെ ഉയർത്തുകയും ചെയ്തു. കണ്ടാലും പരിശുദ്ധ സഭയും അതി ന്റെ മക്കളും കർത്താവിന്റെ താഴാഴ്മയ്ക്കു സ്തുതി പാടുന്നു.

മൊറിയോ റാഹേം.......

## എത്രൊ

എന്റെ കർത്താവെ! തവ കൃപയുടെ സുവിശേഷ പ്രകാ ശത്താൽ ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കേണമെ. കർത്തൃ സ്ലീബായെക്കുറിച്ചുള്ള സ്നേഹത്തിൽ ഞങ്ങളുടെ ആത്മാക്കളെ ഉറപ്പിക്കണമെ. കർത്താവിന്റെ പീഡയുടെ പീഡയില്ലായ്മയാൽ ഞങ്ങളുടെ ശരീരങ്ങളെ ആയുധം ധരിപ്പിക്കേണമെ. കർത്താവി ന്റെ സ്നേഹമാകുന്ന ഭാഗ്യത്താൽ ഞങ്ങളുടെ വിചാരങ്ങളെ കാ ത്തു രക്ഷിക്കേണമെ. കർത്താവിന്റെ സ്തുതികളെ വർണ്ണിപ്പാൻ ഞ ങ്ങളുടെ ഹൃദയത്തെ ഉണർത്തേണമെ. കർത്താവിനെ പ്രസാദിപ്പി ക്കുന്ന കർമ്മങ്ങളുടെ പരിമളം ഞങ്ങളിൽ ധൂപിപ്പിക്കേണമെ. ത ന്റേയും തന്റെ പിതാവിന്റേയും പരിശുദ്ധ റൂഹായുടേയും കരുണ യുടെ പ്രസാദത്തിനായി ഞങ്ങളുടെധൂപംകൈക്കൊള്ളേണമെ.

## വീണ്ടും കോലോ

1. ഇന്നേ ദിവസം നമ്മുടെ കർത്താവ് തന്റെ ശിഷ്യന്മാരുടെ കൂട്ടത്തിനു ഗൂഢമായ രഹസ്യം വെളിപ്പെടുത്തി. 'നിങ്ങളിൽ ഒ രുവൻ യൂദജനത്തിന് എന്നെ ഏല്പിച്ചു കൊടുക്കും. അവർ എ ന്നെ പരിഹസിക്കുകയും ആദാമിന്റെ രക്ഷയ്ക്കു വേണ്ടി മരത്തി ന്മേൽ തൂക്കുകയും ചെയ്യും. ബാറെക്മോർ

2. നമ്മുടെ കർത്താവ് തന്റെ ശിഷ്യന്മാരോട് അരുളിച്ചെയ്തെന്നാൽ 'എനിക്കു പെസഹാ ഭക്ഷിക്കേണ്ടതിനായി നിങ്ങൾ പോയി ഒരുക്കുവിൻ, ഞാൻ കഷ്ടത അനുഭവിക്കുന്നതിനു മുമ്പ് നിങ്ങളോടൊന്നിച്ച് ഈ പെസഹാ ഭക്ഷിക്കുവാൻ അതിവാഞ്ഛയോടെ ആഗ്രഹിച്ചു. ദീർഘദർശിമാർ അവരുടെ രഹസ്യങ്ങളിൽ എന്നെക്കുറിച്ചു പ്രവചിച്ചിട്ടുള്ള എല്ലാ സദൃശ്യങ്ങളേയും ദൃഷ്ടാന്തങ്ങളെയും ഞാൻ നിവർത്തിക്കുകയും ചെയ്യും'.

**ബോത്തേദ് ഹാശോ**

ഞങ്ങൾ-ക്കായ് നീ-യേറ്റോരു പീ-ഡാ
താഴ്ച-കളേറ്റം-ധന്യം നാഥാ!

1. മരണം-വാനം-പൂകാത്ത-തിനാൽ
പാതാളത്തില-പാഴായോ-നാം
ആദാമിന്നാ്-നിതാണെത്തി
സൈന്യാ-ധിപനാം-കൊള്ളക്കാ-രൻ
പോൽ ക-യ്യേറീ-മൃതി നിക്ഷേ-പം

2. ദൈവ-ത്തെപോൽ-രോഗം മാ-റ്റാൻ
കഴിയും-വീര്യം-വെളിവാക്കീടാൻ
ആജ്ഞാപിച്ചാൻ-ശ്രേഷ്ഠൻ വൈദ്യൻ
അവകാ-ശിയെയി-ദുഷ്ടാത്മാക്കൾ
കുരിശിൽ-തൂക്കീ-ടാനേല്പിച്ചു.

3. ജീവൻ-വിഗത-ർക്കേകും നി-ന്നെ
അവരെ-വണ്ണം ഹാ-മൃതനാ-ക്കി
അപ്പം തിന്നോൻ-വഞ്ചിച്ചെങ്കിൽ
തന്നെ-ത്താൻ തൂ-ങ്ങിച്ചാവ-ട്ടെ
താതൻ-തെളിയും-നിന്നുത്ഥാ-നെ

നിൻവി-ധി ചെയ്തോർ വിധിയേ-ൽക്കുമ്പോൾ
വിധിചെയ്യരുതേ-ഞങ്ങളെയീശാ
മൊറിയോ റാഹേം......

## മാർ യാക്കോബിന്റെ ബോവൂസാ

മ്ശിഹാസ്കീപ്പാ മൃതികഷ്ടതകൾക്കായ് വന്നോനേ
പ്രാത്ഥനകേട്ടിട്ടാത്മാക്കളിലൻപുണ്ടാകേണം
**ദേവാ! ദയചെയ്തീടേണം നാഥാ കൃപതോന്നേണമൻപാൽ**

1. ആകലക്കറുസാവീഴാൻ താതൻ ചെയ്തില്ലൊന്നും
യൂദായെ ചേത്തോനാം പുത്രൻ തെറ്റില്ലാത്തോൻ
സ്ഥാനഭ്രഷ്ടന്മാരേ കഷ്ടം സുമുഖന്മാരേ!
ഓയാറിൻ കാവൽക്കാരൻ ഉന്നതശ്ലീഹായും
യൂദായ്ക്കുള്ളോ തന്നുടെ ബീമാ നഷ്ടപ്പെട്ടു
സ്വർഗ്ഗീയം ശ്രൂശ്രൂഷകപദമാകൽക്ക-റുസായ്ക്കും
നേതാവാകൽക്കറുസായെത്താതൻ വിട്ടില്ല
ശ്ലീഹായാം യൂദായെ പുത്രൻ നിരസിച്ചില്ല
**ദേവാ! ദയചെയ്തീടേണം നാഥാ കൃപതോന്നേണമൻപാൽ**

2. യൂദാ തന്നിൽ ഗൂഢം മേവിയൊരക്കാപട്യം
ഹീനാത്മാവിൻ കൂട്ടായ്ത്തീരാൻ പ്രേരിപ്പിച്ചു
തേജോമാഗ്ഗം വിട്ടിരുളതിലേക്കോടിപ്പോയോൻ
കേടേലും കണ്ണുണ്ടോദ്യുതിയെ സ്നേഹിക്കുന്നു?
ഭാഗ്യം കെട്ടോൻ ജീവപ്രദമാം ഭോജ്യം വിട്ടു
തന്നത്താനെ കോലയറ തന്നിൽ വിരവോടേറി
**ശോഭാപൂണ്ണും പകലിനെ പകകൊണ്ടിരുളായ്ത്തീന്നോൻ**
കൂട്ടിചേ7ന്നാനെങ്ങും പാഴിരുൾ നിറയും രാവിൽ
**ദേവാ! ദയചെയ്തീടേണം നാഥാ കൃപതോന്നേണമൻപാൽ**

നാഥാ ഭൂവാനം നിൻപാഢയതിൽ ക്ലേശിച്ചു
മാനോർ വാനോർ നിൻ താഴ്മയിലതി വിസ്മയമാന്ന്
**ദേവാ! ദയചെയ്തീടേണം നാഥാ കൃപതോന്നേണമൻപാൽ**

(അല്ലെങ്കിൽ)

പൗരോഹിത്യം രാജ്യം പ്രവചനമെന്നിവയെന്യേ
യൂദന്മാരെ നിങ്ങടെ നിലയം സവ്വം ശൂന്യം

(പെസ്ഗോമോ)

ഹാലേലുയ്യ-ഹാലേലുയ്യ ഭോഷത്തരമവരുടെ വായോതുന്ന
അന്യായം വലതുകരത്തിൽ കവിയുന്ന ഹാലേലുയ്യ

## (ഏവൻഗേലിയോൻ)

വി. യോഹന്നാൻ: 7: 28-44

**ആ**കയാൽ യേശു ദേവാലയത്തിൽ ഉപദേശിക്കുമ്പോൾ: നിങ്ങൾ എന്നെ അറിയുന്നു; ഞാൻ എവിടെ നിന്നെന്നും അറിയുന്നു. ഞാൻ സ്വതമായിട്ടു വന്നവനല്ല, എന്നെ അയച്ചവൻ സത്യവാൻ ആകുന്നു; അവനെ നിങ്ങൾ അറിയുന്നില്ല. ഞാൻ അവന്റെ അടുക്കൽ നിന്നു വന്നതുകൊണ്ടും അവൻ എന്നെ അയച്ചതുകൊണ്ടും ഞാൻ അവനെ അറിയുന്നു എന്നു വിളിച്ചു പറഞ്ഞു. ആകയാൽ അവർ അവനെ പിടിപ്പാൻ അന്വേഷിച്ചു എങ്കിലും അവന്റെ നാഴിക വന്നിട്ടില്ലായ്കയാൽ ആരും അവന്റെ മേൽ കൈ വെച്ചില്ല. പുരുഷാരത്തിൽ പലരും: ക്രിസ്തു വരുമ്പോൾ ഇവൻ ചെയ്തതിൽ അധികം അടയാളം ചെയ്യുമോ എന്നു പറഞ്ഞു. അവനിൽ വിശ്വസിച്ചു. പുരുഷാരം അവനെക്കുറിച്ച് ഇങ്ങനെ കുശുകുശുക്കുന്നു എന്നു പരീശന്മാർ കേട്ടാറെ അവനെ പിടിക്കേണ്ടതിന്നു മഹാപുരോഹിതന്മാരും പരീശന്മാരും ചേവകരെ അയച്ചു യേശുവോ: ഞാൻ ഇനി കുറെനേരം നിങ്ങളോടുകൂടെ ഇരിക്കുന്നു; പിന്നെ എന്നെ അയച്ചവന്റെ അടക്കൽ പോകുന്നു. നിങ്ങൾ എന്നെ അന്വേഷിക്കും കണ്ടെത്തുകയില്ലതാനും; ഞാൻ ഇരിക്കുടന്നടത്തു നിങ്ങൾക്കു വരുവാൻ കഴിയുകയുമില്ല എന്നു പറഞ്ഞു. അതു കേട്ടിട്ടു യെഹൂദന്മാർ: നാം കണ്ടെത്താതവണ്ണം ഇവൻ എവിടേക്കു പോകുവാൻ ഭാവിക്കുന്നു? യവനന്മാരുടെ ഇടയിൽ ചിതറിപ്പാർക്കുന്നവരുടെ അടുക്കൽ പോയി യവനരെ ഉപദേശിപ്പാൻ ഭാവമോ? നിങ്ങൾ എന്നെ അന്വേഷിക്കും, എന്നെ കണ്ടെത്തുകയില്ല താനും; ഞാൻ ഇരി ക്കുടന്നടത്തു നിങ്ങൾക്കു വരുവാൻ കഴിയുകയുമില്ല എന്നു ഈ പറഞ്ഞ വാക്കു എന്തു എന്നു തമ്മിൽ തമ്മിൽ പറഞ്ഞു.

ഉത്സവത്തിന്റെ മഹാദിനമായ ഒടുക്കത്തെ നാളിൽ യേശു നിന്നു കൊണ്ടു: ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ

വന്ന് കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്നു തിരുവെഴുത്തു പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും എന്നു വിളിച്ചു പറഞ്ഞു; അവൻ ഇതു തന്നിൽ വിശ്വസിക്കുന്നവർക്കു ലഭിപ്പാനുള്ള ആത്മാവിനെക്കുറിച്ചാകുന്നു പറഞ്ഞതു: യേശു അന്നു തേജസ്ക്കരിക്കപ്പെട്ടിട്ടില്ലായ്കയാൽ ആത്മാവു വന്നിട്ടില്ലായിരുന്നു. പുരുഷാരത്തിൽ പലരും ആ വാക്കു കേട്ടിട്ടു: ഇവൻ സാക്ഷാൽ ആ പ്രവാചകൻ ആകുന്നു എന്നു പറഞ്ഞു. വേറെ ചിലർ: ഇവൻ ക്രിസ്തു തന്നേ എന്നും മറ്റു ചിലർ: ഗലീലയിൽ നിന്നേ ക്രിസ്തു വരുന്നതു? ദാവീദിന്റെ സന്തതിയിൽ നിന്നും ദാവീദു പാർത്ത ഗ്രാമമായ ബേത്ത്ലെഹെമിൽ നിന്നും ക്രിസ്തു വരുന്നു എന്നു തിരുവെഴുത്ത പറയുന്നില്ലയോ എന്നും പറഞ്ഞു. അങ്ങനെ പുരുഷാരത്തിൽ അവനെച്ചൊല്ലി ഭിന്നത ഉണ്ടായി. അവരിൽ ചിലർ അവനെ പിടിപ്പാൻ ഭാവിച്ചു എങ്കിലും ആരും അവന്റെ മേൽ കൈവെച്ചില്ല. ത്ത

St. John 7: 28-44

Then Jesus cried out, as he taught in the temple, saying, You both know Me, and you know where I am from; and have not come of Myself, but he who sent Me is true, whom you do not know. But I know Him, for Iam from Him, and he sent Me.” Therefore they sought to take Him; but no one laid a hand on Him, because His hour had not yet come. And many of the people believed in Him, and said, When the Christ comes, will he do more signs than these which this Man has done? The Pharisees heard the crowd murmuring these things concerning him, and the Pharisees and the chief priests sent officers to take Him. Then Jesus said to them I shall be with you a little while longer, and then I go to Him who sent Me. You will seek Me and not find Me, and where I am you cannot come. Then the jews said among themselv-

es, “Where does he intend to go that we shall not find Him? Does He intend to go to the Dispersion among the Greeks and teach the Creeks? “What is this thing that He said, You will seek Me and not find Me, and where i am you can not come? On the last day, that great day of the feast, jesus stood and cried out, saying, if anyone thirsts, let him come to me and drink. He who believes in Me, as the Scripture has said, out of his heart will flow rivers of living water.” But this he spoke concerning the Spirit, whom those believing in Him would receiver, for the Holy Spirit was not yet given, because Jesus was not yet glorified. Therefore many from the crowd, when they heard this saying, said, “Truly this is the Prophet. Others said, This is the Christ. But some said, “Will the Christ come out of Galilee? “Has not the Scripture said that the Christ comes from the seed of David and from the town of bethlehem, where David was?” So there was a division among the people because of Him. Now some of them wanted to take Him, but no one laid hands on Him.

**കൗമാ**

(ബ്ഹൗനഹറോഗായൊ..... എന്ന രീതി)

നിന്നെ വധിപ്പാ-നായ് വന്നജനം, വിധിയിൽ-വിധിയേല്ക്കും
നിന്നെയുംപീ-ഡകളെയുമേറ്റ-ജാതിപൂകും രാജ്യം
നിന്നെ വധിപ്പാ-നായ് വന്നജനം, വിധിയിൽ-വിധിയേല്ക്കും
നിന്നെയുംപീ-ഡകളെയുമേറ്റ-ജാതിപൂകും രാജ്യം
നിന്നെ വധിപ്പാ-നായ് വന്നജനം, വിധിയിൽ-വിധിയേല്ക്കും
നിന്നെയുംപീ-ഡകളെയുമേറ്റ-ജാതിപൂകും രാജ്യം

**ഗദ്യം**

കർത്താവേ! സിന്നെ കൊല്ലുന്നതിന് ഒരുമിച്ചുകൂടിയ ജനം നിന്റെ ന്യായവിസ്താരത്തിൽ കുറ്റം ചുമത്തപ്പെടുകയും, നിന്നെയും

നിന്റെ കഷ്ടാനുഭവത്തേയും ഏറ്റു പറഞ്ഞ പുറജാതികൾ നിന്റെ രാജ്യത്തിൽ പ്രവേശിക്കുകയും ചെയ്യും. **(മൂന്നു പ്രാവശ്യം)**

**(ലൊക്മോർ തെശുദ്ദുഹത്തോ)**

നാഥാ! തേ, സ്തുതിയും, മാനം താതനും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിനും
ഉണ്ടാകുൾകൃപ പാപികളാം ഞങ്ങളിലും
മേലാമൂറിശിലേം വാതിൽക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മ്ശിഹാ!
സ്തോത്രം കർത്താവേ! സ്തോത്രം കർത്താവേ!
നിത്യം ശരണവുമേ! സ്തോത്രം-ബാറെക്മോർ.

Praise to Thee, O Lord, To Thy Father Praise,
Worship, glory be To the Holy Ghost.
Grace and mercy be on us sinners all,
Opened be to us Zion's gates above
May our pleas be heard at the throne of Christ.
Praise to Thee, O Lord, Praise to Thee, O Lord,
Ever praise to Thee, Our hope. Barekhmor.

**(സുറിയാനി)**

ലോക്മോർ തെശുദ്ദുഹത്തോ ലാ ബോക് എക്റോ
വൽറൂഹോദ് കുദ്ശോ സെഗതോ റൂമാ റോമോ
വലൈൻ ഹാതോയാ റഹ്മാ വഹ്നൂനോ
നസ്പാസ് ആഹൂൻതാരാ അയ് ഒറിശലേം ദഹലാ അൽ
നെൽഓൻ സ്ലാവോസോൻ ക്ദാംബിം ദം ശീഹോ
ശുബഹോ ലോക് മോറാൻ ശുബഹോ ലോക് മോറാൻ
ശുബഹോ ലോക് സബറാൻ ലാ ഒലാം, ബാറെക്മോർ.

**ഗദ്യം**

എന്റെ കർത്താവേ! തനിക്കു സ്തുതി തന്റെ പിതാവിനു ബഹുമാനവും ശുദ്ധമുള്ള തന്റെ റൂഹായ്ക്കു വന്ദനവും പുകഴ്ചയും പാപികളുമായ ഞങ്ങളുടെമേൽ കരുണയും മനോഗുണവും ഉ

ണ്ടായിരിക്കണമെ. മേലുള്ള ഊറശ്ലേമിന്റെ വാതിലുകൾ തുറക്കപ്പെട്ട്, മ്ശിഹാ തന്റെ സിംഹാസനത്തിൻ മുമ്പാകെ ഞങ്ങളുടെ നമസ്ക്കാരങ്ങൾ പ്രവേശിക്കുമാറാകണമെ. ഞങ്ങളുടെ കർത്താവേ സ്തുതി, ഞങ്ങളുടെ കർത്താവേ സ്തുതി, എന്നേക്കും ഞങ്ങൾക്കുള്ള ശരണവുമേ സ്തുതി, ബാറെക്മോർ

സ്വർഗ്ഗസ്ഥനായഞങ്ങളുടെ പിതാവേ! തിരുനാമം പരിശുദ്ധമാക്കപ്പെടേണമെ. തിരു രാജ്യം വരേണമെ. തിരുവിഷ്ടം സ്വർഗ്ഗത്തിലെ പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്കാവശ്യമുള്ള ആഹാരം ഇന്നും ഞങ്ങൾക്കു തരേണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും ദോഷങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതേ. പിന്നെയോ ദോഷത്തിൽനിന്നും ഞങ്ങളെ രക്ഷിച്ചു കൊള്ളുണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും സ്തുതിയും മഹത്വവും എന്നുമെന്നേക്കും തനിക്കുള്ളതാകുന്നു. ആമ്മീൻ.

Our Father, who art in heaven, Hallowed be Thy name, Thy kingdom come, Thy will be done on earth, as it is in heaven. Give us this day our daily bread and forgive us our debts and sins, as we have forgiven our debtors. Lead us not into temptation; but deliver us from the evil one. For Thine is the kingdom, the power, and the glory, for ever and ever. Amen (+)